കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - കരൂർ ഗ്രാമപഞ്ചായത്ത് - 2003-04 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 2.3 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 1903/12/തസ്വഭവ. തിരുവനന്തപുരം,തീയതി: 09/07/2012

പരാമർശം:- 1) കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/02/2011, 07/04/2011 എന്നീ തീയതികളിലെ A.O 146/10 നമ്പർ കത്ത്.

2) 20/06/2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-8927/P.T1/11-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിൽ കരൂർ ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.3 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ദിവസ വേതന അടിസ്ഥാനത്തിൽ 3 എൽ.ഡി.ക്ലാർക്കുമാരെ നിയമിച്ചതു വഴി ചെലവഴിച്ച 18,900/- രൂപയിൽ 4900/- രൂപ അനുവദനീയമല്ലാത്ത ചെലവായതിനാൽ തടസ്സപ്പെടുത്തിയിരുന്നു.

പ്രസ്തുത നിയമനം വിവിധ പെൻഷൻ വിതരണം, വാർഷിക കണക്ക് തയ്യാറാക്കൽ, വിവിധ പ്രോജക്ടുകൾ എഴുതി ഉണ്ടാക്കൽ എന്നിവയ്ക്ക് വേണ്ടിയായിരുന്നതിനാൽ ഓഡിറ്റ് നിരാകരിച്ച 4900/- രൂപയുടെ ചെലവ് സാധൂകരിച്ച് നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ 07/02/2011-ലെ 12(40)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് സെക്രട്ടറി സൂചന ഒന്ന് പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂചന രണ്ടിലെ റിപ്പോർട്ടിൽ പഞ്ചായത്ത് തീരുമാനത്തിന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ സർക്കാർ സാധൂകരണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരൂർ ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.3 പ്രകാരം തടസ്സപ്പെടുത്തിയ ദിവസ വേതനാടിസ്ഥാനത്തിൽ 3 എൽ.ഡി. ക്ലാർക്കുമാരെ നിയമിച്ചതു വഴി അധികം ചെലവഴിച്ച 4,900/- (നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ